നം. CEE/5500/2017/KEAM_2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ മഴക്കെടുതി മൂലമുണ്ടായിരിക്കുന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിനെ തുടർന്ന് എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടുന്നതിനുള്ള സമയം 23.08.2018 (വ്യാഴാഴ്ച) വൈകുന്നേരം 5 മണിവരെയായി ദീർഘിപ്പിച്ചിരുന്നു. നിശ്ചിത സമയത്തിനകം കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ളതും ഇപ്പോൾ അഡ്മിഷൻ നിലനിൽക്കുന്നതുമായി കോളേജ് അധികാരികൾ അംഗീകരിച്ച് സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ കോളേജ് തിരിച്ചുള്ള ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് വിദ്യാർത്ഥികൾ പരിശോധിച്ച് പ്രവേശനം സംബന്ധിച്ച ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്. ലിസ്റ്റ് സംബന്ധമായി എന്തെങ്കിലും പരാതികൾ ഉള്ളവർ 27.08.2018 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അവ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് സംബന്ധിച്ച് തിരുത്തലുകൾ പിന്നീട് അനുവദിക്കുന്നതല്ല.

എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മറ്റ് മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 2018 ആഗസ്റ്റ് 30 വൈകുന്നേരം 5 മണിയ്ക്കകം അതത് കോഴ്സുകളിൽ/കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

**Help Line Numbers: 0471 2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
23.08.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**